*24-06-2026*
*Submission*

**സബ്മിഷൻ**

## (1) പ്രവാസി ക്ഷേമപെൻഷൻ

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ വളരെ ഗൗരവമുള്ളൊരു വിഷയമാണ് അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ചെയർ നടത്തിയ റൂളിങ്ങിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കണം വിഷയാവതരണം നടത്തേണ്ടത്. ഗൗരവമുള്ള വിഷയമാണെങ്കിലും സമയക്ലിപ്തത പാലിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, തീർച്ചയായും. നമ്മുടെ കേരളം കെട്ടിപ്പടുത്തതിൽ നമ്മുടെ പ്രവാസികൾക്കുള്ള പങ്ക് എല്ലാപേർക്കും വ്യക്തമാണ്. കഴിഞ്ഞ പത്ത് വർഷക്കാലമായി നമ്മുടെ പ്രവാസി സമൂഹത്തെ ഏറ്റവും കൂടുതൽ കബളിപ്പിച്ചൊരു സർക്കാരാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രവാസിസമൂഹം ഏറെ പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്. പ്രത്യേകിച്ച് റെമിറ്റൻസ് ഇക്കണോമിയിൽനിന്ന് നമ്മുടെ നാട് രക്ഷപ്പെടണമെന്ന ആഗ്രഹിക്കുന്നൊരു ഘട്ടമാണ്. എന്നാലും നമ്മുടെ നാട് നിർമ്മിച്ചെടുക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ച പ്രവാസികളോട് ഒരു മിനിമം മര്യാദയെങ്കിലും നാം കാണിക്കേണ്ടതുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ പ്രവാസികൾക്ക് പെൻഷൻ മുടങ്ങുന്നുവെന്നതാണ് ഇന്ന് പ്രവാസികൾ നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. അവരിൽ പലർക്കും മാസങ്ങളായി പെൻഷൻ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ഈ പ്രവാസി സമൂഹത്തിലെ ഏറ്റവും പുറകിൽ നിൽക്കുന്ന മനുഷ്യരാണ് സ്വാഭാവികമായും പെൻഷൻ ആനുകൂല്യത്തിനായി ആഗ്രഹിക്കുന്നവർ. ലേബർ ക്യാമ്പുകളിലെ ഏറ്റവും ദുരിതാവസ്ഥയിൽ കഴിയുന്നവർ, കഫ്റ്റീരിയയിൽ കഴിയുന്നവർ, അറബികളുടെ വീട്ടിൽ ജോലി ചെയ്യുന്നവർ, ശ്രീ. ബെന്ന്യാമിന്റെ ആടുജീവിതം എന്ന നോവലിലേതുപോലെ മരുഭൂമിയിൽ ജോലി ചെയ്യുന്നവർ ഇത്തരത്തിൽ എന്തെല്ലാം പ്രയാസമനുഭവിക്കുന്ന പ്രവാസികളെയാണ് ഗൾഫിലും മറ്റ് രാജ്യങ്ങളിലും പോകുമ്പോൾ നമ്മൾ കാണുന്നത്. 790886 പേരാണ് ഇപ്പോൾ അംശദായമടച്ചുകൊണ്ട് ഈ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. കേവലം 94666 പേർക്കാണ് നമ്മൾ പെൻഷൻ

*24-06-2026*
*Submission*

നൽകുന്നത്. നാല് പോയിന്റുകളാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. ഒന്ന്, നമ്മുടെ പല പ്രവാസികൾക്കും ഈ കുടിശ്ശിക തീർക്കാൻ സാധിക്കാത്തതുകൊണ്ട്, പലപ്പോഴും ആ സമയത്ത് അടച്ചുതീർക്കാൻ സാധിക്കാത്തതിനാൽ അംശദായം കുടിശ്ശികയായതിന്റെ പേരിൽ മാത്രം അവർക്ക് പെൻഷൻ മുടങ്ങുന്ന സ്ഥിതിയുണ്ട്. കഴിഞ്ഞ തവണ രണ്ട് വർഷം വരെ അവർക്ക് കുടിശ്ശിക അടയ്ക്കാനുള്ള സമയമുണ്ടായിരുന്നു. അതുകൊണ്ട് നിർബന്ധമായും ആ രണ്ട് വർഷത്തിനുള്ളിൽ അവരുടെ കുടിശ്ശിക അടച്ചുതീർക്കാനുള്ളൊരു സംവിധാനം ഉണ്ടാക്കാൻ സൗകര്യം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് ഒറ്റത്തവണായി തീർപ്പാക്കാൻ കഴിയുമെങ്കിൽ അത്തരമൊരു സൗകര്യം ചെയ്യണം. ഞാനിവിടെ പറഞ്ഞതുപോലെ ഇത്തരം കാറ്റഗറിയിലുള്ള വളരെ പ്രയാസപ്പെടുന്ന പ്രവാസികൾ ലൈഫ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും നൽകേണ്ട സാഹചര്യമുണ്ട്. അങ്ങും അനേകം തവണ ഗൾഫ് സന്ദർശിച്ചിട്ടുള്ളതല്ലേ, നമുക്കെല്ലാപേർക്കുമറിയാം, ഇത്തരത്തിൽ മരുഭൂമികളിലും ലേബർ ക്യാമ്പുകളിലും ജോലി ചെയ്യുന്ന പാവപ്പെട്ട പ്രവാസിക്ക് ഒരിക്കലും അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനായി ബന്ധപ്പെട്ട എംബസികളിൽ എത്തിച്ചേരാൻ കഴിയില്ല. അത് അവർക്ക് സെൽഫ് അറ്റസ്റ്റേഷനുള്ള സൗകര്യം നമ്മൾ ചെയ്തുകൊടുക്കണം. അവർക്ക് ഇപ്പോൾ രണ്ട് കാറ്റഗറിയായിട്ടാണ് ക്ഷേമനിധി പെൻഷൻ നൽകുന്നത്. ' എ' കാറ്റഗറിയെന്ന് പറഞ്ഞാൽ ഗൾഫിൽത്തന്നെ നിൽക്കുകയും അഞ്ച് വർഷം അംശദായം അടച്ചതിനുശേഷം പെൻഷൻ ആനുകൂല്യം ലഭിക്കുകയും ചെയ്യുന്ന ആളുകളാണ്. അവർക്ക് ലഭിക്കുന്നത് വെറും 3500/- രൂപയാണ്. എന്നാൽ ഗൾഫിൽനിന്നും തിരികെവന്ന ' ബി' കാറ്റഗറിയിൽപ്പെട്ട പ്രവാസിക്ക് 3000/- രൂപയുമാണ് ലഭിക്കുന്നത്. ഇതിനായി 30 കോടി രൂപയോളം ആവശ്യമാണ്. സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടാണെങ്കിലും നമ്മുടെ പ്രവാസി സുഹൃത്തുക്കൾക്ക് മിനിമം 5000/- രൂപയെങ്കിലുമാക്കി അത് വർധിപ്പിക്കണമെന്ന് ഈ ഗവൺമെന്റിനോട്, പ്രത്യേകിച്ചും ഈ മേഖലയിൽ ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നമ്മൾ ധാരാളം പെൻഷൻ വർധിപ്പിച്ചു. ആശാവർക്കർമാരുടെയും അങ്കണവാടി വർക്കേഴ്സിന്റെയും പെൻഷൻ വർധിപ്പിച്ചു. പാവപ്പെട്ട പ്രവാസികൾക്ക് 5000/- രൂപയെങ്കിലും നമ്മൾ പെൻഷൻ കൊടുക്കണം.

*24-06-2026*
*Submission*

പലർക്കും രോഗാവസ്ഥയിൽ മരുന്ന് വാങ്ങാനുള്ള സ്ഥിതി പോലുമില്ല. തിരികെയെത്തിയ പല പ്രവാസികളും പലപ്പോഴും ഒറ്റപ്പെട്ട് പോകുകയാണ്. അവരുടെ വീട്ടുകാർക്കുൾപ്പെടെ ആർക്കും അവരെ വേണ്ട. അതുകൊണ്ട് സർക്കാരെങ്കിലും അവരുടെ കൂടെ നിൽക്കണം. ഈയൊരു അഭ്യർഥനയാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കായി 2026 ജനുവരി മാസം വരെ ലഭിച്ച അപേക്ഷകളിൽ നിരവധി അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നതും 2026 ജനുവരിക്കുശേഷം ലഭിച്ച അപേക്ഷകളിൽ പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെന്നതും സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ബഹുമാനപ്പെട്ട അംഗം നജീബ് കാന്തപുരം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. പ്രവാസി ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായും സർക്കാർ സ്വീകരിക്കും. വിദേശത്തുള്ള പെൻഷൻകാർക്ക് എംബസി മുഖേന ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അസൗകര്യമുള്ള സാഹചര്യത്തിൽ ആയതിനുപകരം ബോർഡിന്റെ വിദേശത്തുള്ള ഡയറക്ടേഴ്സിന്റെ വ്യക്തിഗത ഇ-മെയിലിൽനിന്നും ലഭ്യമാകുന്ന ലൈഫ് സെക്യൂരിറ്റി സ്വീകരിക്കുന്നതിന് ഇപ്പോൾ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് രണ്ടോമൂന്നോ വർഷത്തിലൊരിക്കലാക്കിയാൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ അറിയാത്ത സാഹചര്യങ്ങളിൽ മരണപ്പെട്ട പെൻഷണേഴ്സിനും പെൻഷൻ അനുവദിക്കേണ്ടതായി വരുമെന്നതാണ് പ്രശ്നം. പ്രവാസി പെൻഷനുമായി ബന്ധപ്പെട്ട് ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ട കാലാവധി ദീർഘിപ്പിക്കണോയെന്നതും ജനപ്രതിനിധികൾ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റ് മതിയെന്ന രീതിയിൽ ഇളവ് നൽകണമോയെന്നും ഗവൺമെന്റ് അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

(2) വിതുര ഫയർ സ്റ്റേഷൻ

ശ്രീ. ജി. സ്റ്റീഫൻ: സർ, തിരുവനന്തപുരം ജില്ലയിലെ മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന ഒരു നിയോജകമണ്ഡലമാണ് അരുവിക്കര. എട്ട് പഞ്ചായത്തുകളിൽ നാല് പഞ്ചായത്തുകൾ വനമേഖല അടങ്ങുന്നതാണ്. ഇവിടെ ഒരു ഫയർ സ്റ്റേഷനാണ് പ്രവർത്തിക്കുന്നത്. അത് വിതുരയിലാണ്. 39

*24-06-2026*
*Submission*

ജീവനക്കാരുമായി 2014-ലാണ് ഈ ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചത്. പോലീസ് വകുപ്പിന്റെ കൈയിലുണ്ടായിരുന്ന പഴകിയ നാല് ക്വാർട്ടേഴ്സുകളിലാണ് ഈ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്. ഇവിടെ ശരിയായ രീതിയിലൊരു ഓഫീസ് പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഓഫീസ് സ്ഥാപിച്ച് 12 വർഷമായിട്ടും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണ്. ജീവൻ പണയം വച്ചാണ് ഇവിടെയുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നത്. മേൽക്കൂരയിലെ കോൺക്രീറ്റ് പല സ്ഥലങ്ങളിലും ഇളകി വീഴുന്ന സാഹചര്യമാണ്. ഓഫീസ് കെട്ടിടത്തിന്റെ ഒരു ഭാഗത്ത് തകര ഷീറ്റാണ് മേൽക്കൂരയായി ഉപയോഗിക്കുന്നത്. വിശ്രമ മുറികളിലാകട്ടെ യാതൊരുവിധ സൗകര്യവും നിലവിലില്ല. ക്വാർട്ടേഴ്സിന്റെ പുറകിലുള്ള മണ്ണിടിഞ്ഞ് ഏത് സമയവും അപകടം സംഭവിക്കാവുന്ന സ്ഥിതിയിലാണ് ഈ ഓഫീസ് പ്രവർത്തിക്കുന്നത്. ക്വാർട്ടേഴ്സുകളുടെ പ്രവർത്തനവും വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യവും നിലവിൽ ഈ സ്ഥാപനത്തിലില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നിയമസഭയിൽ ഞാൻ ഉന്നയിച്ച ഒരു സബ്മിഷന്റെ അടിസ്ഥാനത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്തരവിട്ട് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 40 സെന്റ് സ്ഥലം നമുക്ക് ലഭിച്ചിട്ടുണ്ട്. സ്റ്റേഷൻ പരിധിയിൽ വരുന്ന ഏഴ് പഞ്ചായത്തുകളിലും സമീപ പഞ്ചായത്തുകളിലും ഈ ഫയർ സ്റ്റേഷന്റെ സഹായമാണ് ലഭിക്കുന്നത്. കാട്ടുതീ, വനത്തിനുള്ളിലുണ്ടാകുന്ന അപകടങ്ങൾ, കല്ലാർ അടക്കമുള്ള നദികളിലുണ്ടാകുന്ന അപകടങ്ങൾ എന്നിവയെല്ലാം പരിഹരിക്കുന്നതിന് ഈ ഫയർ സ്റ്റേഷനെ മാത്രമാണ് ആശ്രയിക്കുന്നത്. നിലവിൽ പുതിയ കെട്ടിട നിർമ്മാണത്തിന് നാല് കോടി അമ്പത്തിആറ് ലക്ഷത്തി നാല്പതിനായിരം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ കൈവശമുണ്ട്. വനമേഖല ഉൾപ്പെടുന്ന പ്രദേശമെന്ന കാര്യംകൂടി പരിഗണിച്ച് വിതുര ഫയർ സ്റ്റേഷന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അവസാന ഘട്ടത്തിലായപ്പോഴാണ് ഇലക്ഷൻ പ്രഖ്യാപിച്ചത്. അല്ലെങ്കിൽ ആ കെട്ടിടം അനുവദിച്ച് കിട്ടുമായിരുന്നു. ആ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ അടിയന്തരമായി നാല് കോടി അമ്പത്തിആറ് ലക്ഷത്തി നാല്പതിനായിരം രൂപയുടെ ഭരണാനുമതി നൽകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വിതുര ഫയർ

സ്റ്റേഷൻ നിലവിൽ വിതുര പോലീസ് സ്റ്റേഷനുവേണ്ടി താൽക്കാലികമായി അനുവദിച്ച പോലീസ് വകുപ്പിന്റെ അധീനതയിലുള്ള പഴക്കംചെന്ന ക്വാർട്ടേഴ്സിലെ പരിമിതമായ സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും അഗ്നിസുരക്ഷാ വാഹനങ്ങളും മറ്റ് ഉപകരണങ്ങളും സുരക്ഷിതമായും കാര്യക്ഷമമായും സൂക്ഷിക്കുന്നതിനും നിലവിലെ സ്ഥലം പര്യാപ്തമല്ല. അഗ്നിരക്ഷാ നിലയത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ലഭിച്ച പോലീസ് വകുപ്പിന്റെ അധീനതയിലുള്ള 40 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 456.40 ലക്ഷം രൂപ 4059-60-51-85-അഗ്നിപ്രതിരോധവും നിയന്ത്രണവും-PV എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തി ഭരണാനുമതി നൽകുന്നതിനായി 2025-2026 സാമ്പത്തിക വർഷത്തിൽ ശിപാർശ ലഭിച്ചിരുന്നെങ്കിലും അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ 2026-2027 സാമ്പത്തിക വർഷത്തിൽ ഫയർ സ്റ്റേഷൻ കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സിന്റെയും നിർമ്മാണത്തിന് 24.2998 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിതുര അഗ്നിരക്ഷാ നിലയത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് തുകയായ 456.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സ്റ്റീഫൻ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ശരിയാണ്. ഞാൻ അത് പരിശോധിച്ചശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

<u>(3) വട്ടുകുന്നാമല കുടിവെള്ള പദ്ധതി</u>

<u>ശ്രീ. റോണി കെ. ബേബി</u>: സർ, മധ്യകേരളത്തിലൂടെ ഒഴുകുന്ന ജലസമൃദ്ധമായ മണിമലയാറിന്റെ തീരത്താണ് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്നത്. സംസ്കൃതത്തിൽ 'വിഷഘ്ന' എന്ന പേരിൽ അറിയപ്പെടുന്ന ചരിത്രപ്രസിദ്ധമായ നദിയാണിതെങ്കിലും പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ് നിലനിൽക്കുന്നത്. തലച്ചുമടായി കുടിവെള്ളം ചുമന്നുകൊണ്ടുപോകുന്ന അമ്മമാരെയും സഹോദരിമാരെയും ഇന്നും കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പല ഭാഗങ്ങളിലും കാണാൻ സാധിക്കും. രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി മണിമല നദിയെ അടിസ്ഥാനമാക്കി മണിമല മേജർ കുടിവെള്ള പദ്ധതിപോലെ പല പദ്ധതികളും ആരംഭിച്ചെങ്കിലും അതെല്ലാം പാതിവഴിയിൽ

*24-06-2026*
*Submission*

മുടങ്ങിപ്പോയിരിക്കുകയാണ്. അത്തരം പാതിവഴിയിൽ മുടങ്ങിപ്പോയൊരു പദ്ധതിയാണ് വട്ടുകുന്നാമല കുടിവെള്ള പദ്ധതി. മണിമല ഗ്രാമപഞ്ചായത്തിലെ 11, 12, 13 വാർഡുകളിലെ കുടിവെള്ള ക്ഷാമം നേരിടുന്ന വട്ടുകുന്നാമല, വഞ്ചികപ്പാറ എന്നീ മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വട്ടുകുന്നാമല കുടിവെള്ള പദ്ധതി വിഭാവനം ചെയ്തത്. ടി പദ്ധതിയുടെ ഭാഗമായി ബൂസ്റ്റർ ടാങ്ക് സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച് മണിമല ഗ്രാമപഞ്ചായത്ത് റെസല്യൂഷനും പാസ്സാക്കിയിട്ടുള്ളതാണ്. വട്ടുകുന്നാമല കുടിവെള്ള പദ്ധതി യാഥാർഥ്യമാകുന്നതിന് എത്രയുംവേഗം ടെൻഡർ നടപടികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഈ പ്രദേശത്തെ പ്രശ്നം പരിഹരിക്കാൻ എത്രയുംവേഗം ടാങ്ക് നിർമ്മാണ ടെൻഡറിന് അംഗീകാരം നൽകണമെന്ന് വളരെ വിനയപുരസ്സരം അഭ്യർഥിക്കുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിൻകീഴിൽ ഒമ്പത് പഞ്ചായത്തുകളിലെ 62408 ഗ്രാമീണ കുടുംബങ്ങൾക്ക് ജലവിതരണ പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ കഴിയാത്തതിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി അംഗം റോണി കെ. ബേബി സബ്മിഷൻ ഉന്നയിച്ചത്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിക്കുകയുണ്ടായി. മണിമല ഗ്രാമപഞ്ചായത്തിൽ വട്ടുകുന്നാമല, വഞ്ചികപ്പാറ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി 'മണിമല പദ്ധതി' എന്ന പേരിൽ ആവിഷ്കരിച്ച ഈ സ്കീമിൽ 7.3 കി.മീ. കുടിവെള്ള വിതരണ ശൃംഖല സ്ഥാപിക്കാനും 700 ഗാർഹിക കുടിവെള്ള കണക്ഷനുകൾ സ്ഥാപിക്കാനും കരിമ്പനാക്കുളത്ത് 1 ദശലക്ഷം ലിറ്റർ ശേഷിയുള്ള Sump cum Booster Station, വട്ടുകുന്നാമലയിൽ 2 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, പമ്പ് സെറ്റുകളുടെ വിതരണവും ഇൻസ്റ്റലേഷനും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഫേസ്-I. ഈ വർക്കിൽ വന്ന പ്രശ്നം പരിശോധിക്കുകയുണ്ടായി. നിരവധി തവണ ടെൻഡർ ചെയ്യുകയും 9 തവണ ദീർഘിപ്പിക്കുകയും ചെയ്തെങ്കിലും കരാറുകാരെ ലഭിക്കാത്ത പ്രശ്നം വന്നു. കൂടുതൽ

കരാറുകാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചു. നിലവിൽ ഈ സ്കീം നടപ്പാക്കുന്നതിനുവേണ്ടി പ്രായോഗികതലത്തിലേക്ക് ഡിപ്പാർട്ടുമെന്റ് വന്നിട്ടുണ്ട്. അതിനുവേണ്ടി ജൽ ജീവൻ മിഷന്റെ സ്കീമിൽതന്നെ ഫേസ് I-നെ പാർട്ട് 1, പാർട്ട് 2 എന്ന രീതിയിൽ രണ്ടായി വിഭജിച്ചു. അങ്ങനെ രണ്ട് വർക്കുകൾ ഇപ്പോൾ ക്രമീകരിച്ച് അതിന് സാങ്ഷൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. വർക്കുകൾ രണ്ടാക്കി മാറ്റിയതിനുശേഷവും രണ്ടുതവണ ടെൻഡർ ചെയ്തെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറായില്ല. കരാറുകാരുടെ കുടിശ്ശിക അടക്കമുള്ള പ്രശ്നങ്ങൾ ബുദ്ധിമുട്ടുണ്ടാക്കിയെന്നാണ് നിലവിൽ കാണാൻ കഴിയുന്നത്. അതുകൊണ്ട് ഇത് നടപ്പാക്കുന്നതിനുവേണ്ടി 2021-ലെ പുതുക്കിയ ഡി.എസ്.ആർ. പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് ഗവൺമെന്റ് സാങ്ഷൻ കൊടുക്കേണ്ടതുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അടിയന്തരമായി റീ-കാസ്റ്റ് ചെയ്ത് എത്രയുംവേഗം എ.എസ്. കൊടുക്കാൻ സാധിക്കുന്ന വിധത്തിലും പ്രവൃത്തി റീ-ടെൻഡർ ചെയ്യാൻ കഴിയുന്ന വിധത്തിലുമുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്. എത്രയുംവേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനാവശ്യമായ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തുമെന്ന് അറിയിക്കുകയാണ്.

(4) തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം

ശ്രീ. കാരായി രാജൻ: സർ, ബ്രിട്ടീഷ് ഇന്ത്യയുടെ ബോംബെ പ്രസിഡൻസിയുടെ ഭാഗമായ പഴയ മലബാറിന്റെ ക്യാപിറ്റലായിരുന്ന തലശ്ശേരി. പൈതൃക നഗരമായ തലശ്ശേരിയിലെ ജനറൽ ആശുപത്രി ഇപ്പോൾ പ്രതിദിനം ആയിരക്കണക്കിന് സാധാരണക്കാരായ രോഗികളുടെ ആശ്രയ കേന്ദ്രമാണ്. കണ്ണൂർ ജില്ലയിൽ മാത്രമല്ല, പരിസര ജില്ലയിലെ കുറ്റ്യാടി, നാദാപുരം, പേരാമ്പ്ര എന്നീ പ്രദേശങ്ങളിലുള്ളവരടക്കം ആശ്രയിക്കുന്ന ജനറൽ ആശുപത്രിയാണ് തലശ്ശേരി ജനറൽ ആശുപത്രി. വളരെ പഴക്കമേറിയ ഈ കെട്ടിടം പുരാവസ്തു വകുപ്പിന്റെ തടസ്സങ്ങളുള്ളതിനാൽ വലിയ ഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് കടലും മറ്റൊരു ഭാഗത്ത് ചരിത്ര പ്രസിദ്ധമായ

*24-06-2026*
*Submission*

കോട്ടയും സ്ഥിതി ചെയ്യുന്നതിനാൽ നിലവിലെ സ്ഥലത്ത് അടിസ്ഥാനസൗകര്യ വികസനത്തിനും കെട്ടിടം വിപുലീകരിക്കുന്നതിനും വിവിധ സാങ്കേതികവും ഭരണപരവുമായ പരിമിതികൾ നേരിടേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ ആശുപത്രി കൂടുതൽ അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുകയും തലശ്ശേരി നഗരസഭ കണ്ടിക്കൽ പ്രദേശത്ത് ആശുപത്രി മാറ്റിസ്ഥാപിക്കുന്നതിന് സ്ഥലം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കഴിഞ്ഞ സർക്കാർ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 185 കോടി രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടേണ്ടതായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പതിനെട്ടാം നൂറ്റാണ്ടിൽ പഴശ്ശി യുദ്ധകാലത്ത് പരിക്കേറ്റവരെ ചികിത്സിച്ച് തുടങ്ങിയിട്ടുള്ള ഈ ആശുപത്രി വളരെയേറെ പ്രതിസന്ധികളാണ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ എന്തെങ്കിലും സംഭവിച്ചാൽ സ്റ്റേറ്റിനുതന്നെ മറുപടി പറയേണ്ടിവരുന്ന സ്ഥിതിവിശേഷമുണ്ട്. ഈയൊരു അടിയന്തര സാഹചര്യത്തിൽ ഇതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, പ്രതിദിനം ആയിരക്കണക്കിന് രോഗികൾ ഒ.പി.-യായും നൂറുകണക്കിന് രോഗികൾ കിടത്തി ചികിത്സയ്ക്കായും ആശ്രയിക്കുന്ന തലശ്ശേരി ജനറൽ ആശുപത്രി പ്രവൃത്തിക്കുന്ന കെട്ടിട സമുച്ചയം കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലാണ്. തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൽനിന്നും 5.70 കോടി രൂപ ചെലവഴിച്ച് ചുറ്റുമതിലിന്റെ ഒരുഭാഗം പണി പൂർത്തീകരിക്കുകയുണ്ടായി. ശേഷിക്കുന്ന 4.30 കോടി രൂപ ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർ, പൊതുമരാമത്ത്, കിഡ്കോ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) അധികൃതർ എന്നിവരുടെ യോഗം ചേരുകയും പുതിയ ജനറൽ ആശുപത്രിയേയും നിർമ്മാണം

*24-06-2026*
*Submission*

പുരോഗമിക്കുന്ന തലശ്ശേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയേയും ബന്ധിപ്പിക്കുന്ന കണ്ടിക്കൽ-കുട്ടിമാക്കൂൽ റോഡ്, പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള റോഡ് മാപ്പും സാങ്കേതിക നിർദേശങ്ങളും തലശ്ശേരി മുനിസിപ്പാലിറ്റിക്ക് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. പൊതുമരാമത്ത് വകുപ്പ് മണ്ണ് പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആർക്കിടെക്ചറൽ ഡിസൈനും 184.30 കോടി രൂപയുടെ പ്ലിന്ത് ഏരിയ എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാൻ പ്രകാരം ഗ്രൗണ്ട്, 7 നിലയോടുകൂടിയ 35270 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ആധുനിക മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സമുച്ചയമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ നബാർഡ്, യു.ഐ.ഡി.എഫ്. സ്കീമുകൾക്ക് കീഴിൽ പദ്ധതികൾ നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് പുതുക്കിയ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) <u>കാട്ടാനശല്യം തടയാൻ നടപടി</u>

<u>ശ്രീ. കെ. രാജൻ:</u> സർ, വളരെ ഗുരുതരമായ ഈ വിഷയം ഞാൻ നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഒല്ലൂർ നിയോജക മണ്ഡലത്തിലെ പട്ടിക്കാട് റെയ്ഞ്ചിനുകീഴിലുള്ള വാണിയമ്പാറ, മാന്ദാമംഗലം സ്റ്റേഷനുകളുടെയും പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ കീഴിലുള്ള സ്ഥലങ്ങളിലെ വളരെ ഗുരുതരമായ വന്യമൃഗശല്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വാണിയമ്പാറ സ്റ്റേഷനുകീഴിലുള്ള ഇരുമ്പുപാലം, രാമൻചിറ, കൊമ്പഴ, വാണിയമ്പാറ തുടങ്ങിയ സ്ഥലങ്ങൾ; പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ കീഴിലുള്ള പെരുന്തുമ്പ, ആനത്താരി, പ്ലാക്കോട് തുടങ്ങിയ പ്രദേശങ്ങൾ, വാഴാനി ഫോറസ്റ്റ് സ്റ്റേഷനുകീഴിലുള്ള കട്ടിലപ്പൂവം, പൂവൻചിറ പ്രദേശങ്ങൾ, മാന്ദാമംഗലം ഫോറസ്റ്റ് സ്റ്റേഷനുകീഴിലുള്ള വല്ലൂർ മുതൽ വെലങ്ങന്നൂർ വരെയും മാന്ദാമംഗലവും വെള്ളക്കാരിത്തടവും ഉൾപ്പെടെയുള്ള പ്രദേശങ്ങളിലൊക്കെ പകലും രാത്രിയും ആനകൾ അതിവേഗം സഞ്ചാരം നടത്തുന്ന സ്ഥിതിവിശേഷമാണുള്ളത്. അങ്ങ് മന്ത്രിയായി ചുമതലയേറ്റെടുത്തപ്പോൾതന്നെ എം.എൽ.എ.-മാരെ വിളിച്ച് ഇക്കാര്യത്തിൽ ഒരു ആലോചന

*24-06-2026*
*Submission*

നടത്തിയത് സ്വാഗതാർഹമാണ്. ആ നടപടി വളരെ ശ്രദ്ധേയമായിരുന്നു. ഗവൺമെന്റുകൾ മാറുന്നതല്ല ഇപ്പോഴത്തെ പ്രശ്നം. അനധികൃതമായി നാം കാണുന്ന വിധത്തിനേക്കാൾ ഭീകരമായി ആനകളുടെ സഞ്ചാരപഥം കാട്ടിൽനിന്നും വ്യത്യസ്തമായി അഞ്ചും ആറും ഏഴും കിലോമീറ്ററുകൾ ദൂരെയുള്ള നാട്ടുവഴികളിലേയ്ക്കും വീടുകളിലേയ്ക്കും അടുക്കളകളിലേയ്ക്കും വരുന്ന വളരെ ഗുരുതരമായ പ്രശ്നം കാണാൻ സാധിക്കുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം വെള്ളക്കാരിത്തടത്തും രാമൻചിറയിലും വാണിയമ്പാറയിലും പോയിരുന്നു. റബ്ബർ തോട്ടങ്ങളിൽ ടാപ്പിങ് ജോലി ചെയ്യുന്നവരാണ് അവിടെയുള്ളതിൽ 95 ശതമാനം ആളുകളും. രാവിലെ എഴുന്നേറ്റ് ടാപ്പിങ്ങിന് പോയാൽ തിരിച്ചുവരുമെന്ന് ഒരു ഉറപ്പുമില്ലാത്ത വിധത്തിൽ വഴിയിൽ ആന നിൽക്കുകയാണ്. കുട്ടികളെ സ്കൂളിൽ വിടാൻ ആളുകൾക്ക് പേടിയാണ്. സ്കൂളിൽ പോകുന്ന കുട്ടികളുടെ വണ്ടിതന്നെ തടയുന്ന വിധത്തിൽ ആന പകൽ സമയത്ത് പുറത്തിറങ്ങുകയാണ്. നഗരപ്രദേശത്ത് ജോലിക്ക് പോകുന്നവർ വൈകുന്നേരം ഏഴ് മണിക്കും എട്ട് മണിക്കും തിരികെ വരുമ്പോഴും ആനകളുടെ പ്രശ്നമുണ്ട്. വെള്ളക്കാരിത്തടത്തേയ്ക്ക് കടന്നുവരാനുള്ള താമരവെള്ളച്ചാൽ ട്രൈബൽ ഉന്നതി, പഴവെള്ളച്ചാൽ മലയോര പാത എന്നിവിടങ്ങളിൽ വൈകുന്നേരങ്ങളിൽ ആനയിറങ്ങുന്ന സ്ഥിതിവിശേഷം വളരെ ഗൗരവമുള്ളതാണ്. പാലപ്പിള്ളി എസ്റ്റേറ്റിൽ വ്യാപകമായി റബ്ബർ മുറിക്കുന്നതാണ് വഴിയിലേയ്ക്ക് ആന കടന്നുവരാനുള്ള കാരണമെന്നാണ് പൊതുവെ പറയപ്പെടുന്നുണ്ട്. ആളുകൾക്ക് അങ്ങോട്ട് കടന്നുവരാൻ സാധിക്കാത്ത തരത്തിലുള്ള ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ ആർ.ആർ.ടി. സ്ഥാപിച്ചിരുന്നു. അതിൽ ഉദ്യോഗസ്ഥരുടെ കുറവ് വളരെ ഗൗരവമായി വരികയാണ്. ഞാൻ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് മറ്റൊരു മേഖലയിലേയ്ക്ക് ആർ.ആർ.ടി. അനുവദിച്ചിരുന്നു. അവിടെയും ഉദ്യോഗസ്ഥരെ വിന്യസിക്കാൻ സാധിക്കുന്നില്ല. ഫെൻസിങ് പൂർത്തീകരിക്കാത്തതും അതിന്റെ ചാർജ് കൊടുക്കേണ്ടതുമായ പ്രശ്നങ്ങളുണ്ട്. ജനങ്ങളെ കൂട്ടിച്ചേർത്തുള്ള പി.ആർ.ടി. സംവിധാനമുണ്ട്. അതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി കുറച്ചുകൂടി ഗൗരവമായി ആ കാര്യത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചാൽ ജനകീയമായ ബന്ധത്തിലൂടെ ആനകളെ ഓടിക്കാൻ കഴിയും. നാം വിചാരിക്കുന്നതിനേക്കാൾ വളരെ

ഗൗരവമാണ്, 9 ആനകളൊക്കെ കൂട്ടമായി ഇറങ്ങുമ്പോൾ ഒരു പ്രദേശത്തുള്ള ആളുകൾ അവിടെ വിട്ടെറിഞ്ഞ് പോകാൻ തയ്യാറാകുകയാണ്. അവിടെ സ്ഥലം വാങ്ങാൻ ആരുമില്ലെന്നാണ് വെള്ളക്കാരിത്തടത്ത് പോയപ്പോൾ ആളുകൾ പറഞ്ഞത്. ആ പ്രദേശത്തെ ആളുകൾക്ക് വിവാഹം കഴിക്കാൻപോലും പറ്റാത്ത വിധത്തിൽ ചിലയിടങ്ങളിൽ ആനശല്യമുണ്ടെന്ന് പറഞ്ഞ് ആളുകൾ വരാത്ത സ്ഥിതിവിശേഷമുണ്ട്. പ്രശ്നം വളരെ ഗുരുതരമാണ്. ആർ.ആർ.ടി. സംവിധാനത്തെ പ്രോത്സാഹിപ്പിക്കുന്നത് ഉൾപ്പെടെ, ഒല്ലൂർ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട്, ഇക്കാര്യം മാത്രം കേന്ദ്രീകരിച്ച് ഒരു യോഗം വിളിച്ച്, ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടൽ നടത്തണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് കോതമംഗലത്ത് ഒരു സ്കൂളിന്റെ പടിക്കൽ ആന വന്നുനിൽക്കുന്നുവെന്ന് പറഞ്ഞ് ഒരു അറിയിപ്പ് എനിക്ക് ലഭിച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ച് മറുപടി പറയണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളും തുടർന്ന് നടത്താനുദ്ദേശിക്കുന്ന പദ്ധതികളും മറുപടിയിൽ വിശദമായി പറയുന്നുണ്ട്. കുതിരാൻ, പൂവൻചിറ, കുരങ്ങൻപാറ തുടങ്ങിയ സ്ഥലങ്ങളിൽ 12 കിലോമീറ്റർ സോളാർവേലിയും ഹാങ്ങിങ് ഫെൻസിങ്ങും വരുന്നുണ്ട്. ആർ.ആർ.ടി.-യുമായി ബന്ധപ്പെട്ട് 7 പുതിയ താൽക്കാലിക വാച്ചർമാരെ കൂടെ അവിടെ നിയമിച്ചിട്ടുണ്ട്. അടിയന്തരമായി 500 റിസർവ് ഫോഴ്സിനെ വിന്യസിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. താൽക്കാലിക അടിസ്ഥാനത്തിൽ 5 പേരടങ്ങുന്ന 100 ബാച്ചായി തിരിച്ച് കേരളത്തിന്റെ പല ഭാഗങ്ങളിലായി വിന്യസിപ്പിക്കാൻ പോകുകയാണ്. ഇതിൽ കഴിവതും ആദിവാസികളിൽനിന്ന് പരിജ്ഞാനമുള്ളവരെ സെലക്ട് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുപോലെ ധാരാളം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്. ഇതൊക്കെ 100 ശതമാനവും ഫലപ്രദമാകുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ വിഷയമാണ്. ഇപ്പോൾ അഞ്ചും ആറും എട്ടും ആനകൾ കൂട്ടമായാണ് വരുന്നത്. പരമ്പരാഗതമായി മുപ്പതും നാൽപ്പതും അൻപതും ആനകളാണ്

കൂട്ടമായി വരുന്നത്. ഇപ്പോൾ ആനകളുടെ കൂട്ടം ചിന്നഭിന്നമായാണ് വരുന്നത്. വരുംദിവസങ്ങളിൽ ഇതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കും. ഇപ്പോൾ കേരളത്തെ ആകെ ഡിവൈഡ് ചെയ്ത് 10 ടെറിട്ടോറിയൽ പ്ലാനും landscape-ഉം ഉണ്ട്. ഓരോ മേഖലയിലെയും കോൺഫ്ലിക്റ്റും തീവ്രതയും മനസ്സിലാക്കി പരിഹാരം കണ്ടതിനുശേഷം എം.എൽ.എ.മാരെ വിളിച്ചുചേർത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എന്താണ് ചെയ്യേണ്ടതെന്നുള്ള തീരുമാനമെടുക്കാം. ഒല്ലൂർ നിയോജകമണ്ഡലത്തിലെ വിഷയം വരുംദിവസങ്ങളിൽ പരിശോധിക്കാം. അതുപോലെ കോതമംഗലത്ത് ഒരു സ്കൂളിന്റെ പടിക്കൽ ആന വന്നുനിൽക്കുന്നുവെന്ന് പറഞ്ഞിരുന്നു.

<u>മി. സ്പീക്കർ</u>: അത് കോതമംഗലം എം.എൽ.എ. ശ്രീ. ഷിബു തെക്കുംപുറം അറിയിച്ചതാണ്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, കഴിഞ്ഞദിവസം ഞാനവിടെ ചെന്നപ്പോൾ തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും ഡ്രൈവ് നടത്തി ആനയെ കാട്ടിലേക്ക് കടത്തിവിടുകയും ചെയ്തു. കഴിഞ്ഞ നാലഞ്ചുദിവസമായി കാട്ടാനയുടെ ശല്യമില്ലാതിരുന്നു. എന്നാൽ ഇന്നുരാവിലെ വീണ്ടും സ്കൂൾ പരിസരത്ത് ആനയുടെ സാന്നിധ്യമുണ്ടായി. ആ ആനയ്ക്ക് ചില രോഗങ്ങളുണ്ടെന്ന് കണ്ടെത്തിയതിനാൽ മയക്കുവെടിവച്ച് ചികിത്സ നൽകാനുള്ള നിർദേശം രാവിലെ നൽകിയിട്ടുണ്ട്.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: സർ, മൈക്ക് ഓഫ്......

<u>മി. സ്പീക്കർ</u>: അത് ഉന്നയിച്ച കാര്യമാണ്. ശ്രീ. ഷിബു തെക്കുംപുറം, ഷെഡ്യൂളിൽനിന്നും വ്യതിചലിക്കേണ്ടതില്ല. അങ്ങ് ഉന്നയിച്ച കാര്യം ഇവിടെ രേഖാമൂലം നൽകിയിരുന്നു. കുറച്ച് കാലപ്പഴക്കമുള്ള ഒരു കാര്യത്തെക്കുറിച്ചാണ് അങ്ങ് എഴുതി തന്നത്. അക്കാര്യം ഇപ്പോൾ അടിയന്തരസ്വഭാവമുള്ളതുകൊണ്ടാണ് ഞാൻ തന്നെ റവന്യൂ വകുപ്പുമന്ത്രിയോട് ഉന്നയിച്ചതും അങ്ങ് തന്നെ നോട്ട് ചെയ്ത് പറഞ്ഞിരുന്നുവെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തത്. ആയതിനാൽ അങ്ങയുടെ പേര് ഇതുപോലെ തന്നെ രേഖകളിലുണ്ടാവുകയും ചെയ്യും.

*24-06-2026*
*Submission*

## ചടയമംഗലം താലൂക്ക് ഓഫീസ് രൂപീകരണം

ശ്രീ. എം. എം. നസീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ, സംസ്ഥാനത്തെ വലിയ ജില്ലകളെയും താലൂക്കുകളെയും വിഭജിക്കുന്നതിന് കമ്മീഷനെ നിയമിക്കുമെന്നുള്ളത് എന്റെ മണ്ഡലമായ ചടയമംഗലത്തെ ജനത ഏറെ പ്രതീക്ഷകളോടെയാണ് വരവേറ്റത്. അരനൂറ്റാണ്ടായി ഒരു താലൂക്ക് വേണമെന്ന ആവശ്യം ചടയമംഗലത്തുകാർ ഉന്നയിക്കുകയാണ്. എം.എൽ.എ.-യും മന്ത്രിയുമായി ധാരാളം ജനപ്രതിനിധികൾ ഈ മണ്ഡലത്തിൽനിന്നും അധികാര സോപാനത്തിലെത്തിയിട്ടും മണ്ഡലത്തിന്റെ ആവശ്യത്തിന്മേൽ ഒരു ചെറുവിരൽപോലും അനക്കിയില്ല.

കൊല്ലം ജില്ലയിലെ 6 താലൂക്കുകളിൽ ഭൂവിസ്തൃതികൊണ്ട് ഏറ്റവും വലിയ കൊട്ടാരക്കര താലൂക്കിൽ 27 വില്ലേജുകളുണ്ട്. കൊല്ലം ജില്ലയിലെ കുന്നത്തൂർ, പത്തനാപുരം, പുനലൂർ, കരുനാഗപ്പള്ളി തുടങ്ങിയ താലൂക്കുകളിലെ വില്ലേജുകളുടെ എണ്ണം 15-ൽ താഴെയാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ജില്ലയുടെ കേന്ദ്രഭാഗത്തുനിന്ന് തുടങ്ങി കിഴക്കൻ മലയോര മേഖലകൾ വരെ ഏകദേശം പൂർണമായും കൊട്ടാരക്കര താലൂക്കിന്റെ പരിധിയിൽപ്പെടുന്നു. തിരുവനന്തപുരം ജില്ലയോട് ചേർന്നുകിടക്കുന്ന ചിതറ പഞ്ചായത്തിലെ ഇരവുപാലത്തിൽനിന്നും കൊട്ടാരക്കര താലൂക്ക് ഓഫീസിലെത്താൻ 51 കി. മീ. സഞ്ചരിക്കേണ്ടതിനാൽ പ്രദേശവാസികളായ ജനങ്ങൾക്ക് താലൂക്കാസ്ഥാനത്ത് എത്തിച്ചേരുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഏറെ ക്ലേശിക്കേണ്ടിവരുന്നു. ഉദ്യോഗസ്ഥർക്ക് ജനങ്ങളുടെ വിവിധ അപേക്ഷകൾ യഥാസമയം സ്ഥലങ്ങളിലെത്തി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും താലൂക്കിന്റെ വർധിച്ച ഭൂവിസ്തൃതി ഏറെ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നതിനാൽ ജനങ്ങൾക്ക് അതിവേഗം സേവനങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ചടയമംഗലം അസംബ്ലിയിൽപ്പെട്ടതും നിലവിൽ പുനലൂർ താലൂക്കിന്റെ പരിധിയിലുൾപ്പെട്ട അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളും കൊട്ടാരക്കര താലൂക്കിൽവരുന്ന ചടയമംഗലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ചിതറ, മാങ്കോട്, കുമ്മിൾ, കടയ്ക്കൽ, ഇട്ടിവ, കോട്ടുക്കൽ, നിലമേൽ, ചടയമംഗലം, ഇളമാട്, വെളിനല്ലൂർ എന്നീ ഒമ്പത്

പഞ്ചായത്തുകളിലായി 12 വില്ലേജുകളെയുമുൾപ്പെടുത്തി ചടയമംഗലമോ കടയ്ക്കലോ കേന്ദ്രമാക്കി ഒരു താലൂക്ക് വേണമെന്നുള്ളത് ഈ നാടിന്റെ ഒന്നാകെയുള്ള ആവശ്യമായതിനാൽ ഇതുമായി ബന്ധപ്പെട്ട് നാട്ടിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്.

കൊട്ടാരക്കര താലൂക്ക് വിഭജിക്കേണ്ടതാണെന്ന് 2018-ൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാടിനെ പ്രതിനിധീകരിച്ച എം.എൽ.എ.-മാരും മന്ത്രിമാരും ഇതുവരെയും ആ റിപ്പോർട്ടിന്മേൽ അടയിരുന്നതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു പുതുയുഗപ്പിറവിയിലേക്ക് നാടിനെ നയിച്ച് ദൈവത്തിന്റെ സ്വന്തം നാടാകുമ്പോൾ രാമായണത്തിന്റെ ഐതിഹ്യങ്ങളിൽ സീതയെ ശ്രീരാമ ഭഗവാനിൽനിന്നും അപഹരിച്ച രാവണനെ വെട്ടിവീഴ്ത്തിയ ജഡായുവിന്റെ മണ്ണിൽ ഒരു താലൂക്ക് എന്ന സ്വപ്നം പൂവണിയാൻ സർക്കാർ കനിയണമെന്ന് ജനങ്ങൾക്കുവേണ്ടി അപേക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ അവ തമ്മിൽ വലിയ അന്തരമുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളുടെ വിഭജനം, രൂപീകരണം, അതിർത്തി പുനർനിർണയം എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ നൽകിയ നിർദേശം പരിശോധിച്ചുവരികയാണ്. കൊട്ടാരക്കര താലൂക്കിന്റെയും ചടയമംഗലം നിയമസഭാ മണ്ഡലത്തിന്റെയും പരിധിയിൽപ്പെടുന്നതായ 10 വില്ലേജുകളുണ്ട്. പുനലൂർ താലൂക്കിന്റെ പരിധിയിലുൾപ്പെടുന്ന അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളുൾപ്പെടെ 12 വില്ലേജുകളിലെ പ്രദേശവാസികൾക്ക് അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് പ്രസ്തുത പ്രദേശത്തുനിന്നും വളരെ ദൂരെയുള്ള കൊട്ടാരക്കര, പുനലൂർ താലൂക്ക് ഓഫീസുകളെ ആശ്രയിക്കേണ്ടിവരുന്നത് അവരുടെ ദൈനംദിന ജീവിതത്തിൽ പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യത്തിലും ചടയമംഗലം-കടയ്ക്കൽ ഭാഗത്തെ വില്ലേജുകളിലുൾപ്പെടുന്ന പ്രദേശങ്ങൾ കൊട്ടാരക്കര താലൂക്കിന്റെ ഭരണനിർവഹണത്തിന് ദൂരപരിധി തടസമുണ്ടാക്കുന്ന സാഹചര്യത്തിലും കൊട്ടാരക്കര താലൂക്കിന്റെ പരിധിയിലുള്ള ചടയമംഗലം, കടയ്ക്കൽ മേഖലയിലെ 10 വില്ലേജുകളെ കൊട്ടാരക്കര താലൂക്കിൽനിന്നും വേർപെടുത്തിയും

*24-06-2026*
*Submission*

അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളെ പുനലൂർ താലൂക്കിൽനിന്നും വേർപെടുത്തിയും ചടയമംഗലം-കടയ്ക്കൽ ആസ്ഥാനമാക്കി ചടയമംഗലം താലൂക്ക് രൂപീകരിക്കണമെന്നുള്ള ചടയമംഗലം എം.എൽ.എ. ശ്രീ. എം. എം. നസീറിന്റെ നിർദേശം ഗവൺമെന്റും റവന്യൂ വകുപ്പും പരിശോധിച്ചുവരികയാണ്. അതോടൊപ്പം പുതിയ ജില്ലാ-താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ച വിവരവും ബജറ്റിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച കാര്യം അദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കുന്നതാണ്.

<u>സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഐ.ടി. അനുബന്ധ സൗകര്യങ്ങൾക്ക് ഫണ്ട് അനുവദിക്കൽ</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അത്യാവശ്യമായ ഐ.ടി. ഉപകരണങ്ങളും അടിസ്ഥാനസൗകര്യങ്ങളും വിദ്യാഭ്യാസ വകുപ്പ് ഒരു പ്രത്യേക സ്കീമിലൂടെ അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുകയാണ്.

ആധുനിക ഡിജിറ്റൽ യുഗത്തിൽ സ്കൂളുകളിലെ ഏറ്റവും അനിവാര്യമായ കമ്പ്യൂട്ടർ അടിസ്ഥാനസൗകര്യം ഇപ്പോൾ വളരെ പരിമിതവും പരിതാപകരവുമാണ്. കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമഗ്രപദ്ധതി ഇക്കാര്യത്തിനായി നിലവിലില്ല. ഭൂരിപക്ഷം സ്കൂളുകളിലെയും കുട്ടികൾക്ക് ആവശ്യത്തിനുള്ള ഐ.ടി. ഉപകരണങ്ങളായ Laptop, Desktop, Projector, Speaker, Printer, UPS, Network എന്നീ ഉപകരണങ്ങളും ലാബ് സൗകര്യം എന്നിവയില്ലാത്തതിനാൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർഥികളുടെ പഠനത്തെ അത് സാരമായി ബാധിക്കുന്നു. പ്രത്യേകിച്ച്, ഏറ്റവും പാവപ്പെട്ടവരാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത്. മുമ്പ് IT@school പദ്ധതി മുഖേനയും 2018-19-ൽ KITE മുഖേനയും ഉപകരണങ്ങൾ നൽകിയിരുന്നുവെങ്കിലും പിന്നീട് നാമമാത്രമായാണ് അവ നൽകിയിട്ടുള്ളത്. ഗുണനിലവാരമില്ലാത്തതിനാലും വാറണ്ടി കഴിഞ്ഞതിനാലും ലഭിച്ച ഉപകരണങ്ങൾ പലപ്പോഴും ഉപയോഗക്ഷമമല്ലാത്ത അവസ്ഥയിലാണ്. കൂടാതെ

*24-06-2026*
*Submission*

സംസ്ഥാനത്തെ കെ-ഫോൺ ഇന്റർനെറ്റ് സർവീസ് പലയിടത്തും ഫലപ്രദമായി ലഭിക്കുന്നില്ല.

ഐ.ടി. ഉപകരണങ്ങൾ വാങ്ങാനായി എസ്.ഡി.എഫ്.-ൽനിന്നും എം.എൽ.എ.-മാർ ഫണ്ടനുവദിക്കുന്നുണ്ടെങ്കിലും എല്ലാ സ്കൂളുകളിലേക്കും ഫണ്ട് നൽകാൻ സാധിക്കുന്നില്ല. ഇക്കാര്യം എല്ലാ എം.എൽ.എ.-മാർക്കും അറിയാവുന്നതും അവരെപ്പോഴും അതിനുവേണ്ടി സംസാരിക്കുന്നതുമാണ്. നിലവിൽ എം.എൽ.എ. ഫണ്ടനുവദിച്ചിട്ടുണ്ടെങ്കിലും കെൽട്രോൺ മുഖേനയുള്ള വിതരണം ശരിയായി നടക്കാത്തതിനാൽ സമയത്തിന് ഉപകരണങ്ങൾ ലഭ്യമാകുന്നില്ല. കഴിഞ്ഞ ആറുമാസമായി ആ വിതരണം നടക്കാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പുതന്നെ ആവശ്യമായ കമ്പ്യൂട്ടർ ഉപകരണങ്ങളും അത് സജ്ജീകരിക്കാനാവശ്യമായ ഐ.ടി. ലാബുകളും ഫർണിച്ചറുകളും യു.പി. സ്കൂളുകളുൾപ്പെടെയുള്ള സ്കൂളുകളിൽ അനുവദിക്കുന്നതോടൊപ്പം അതിന്റെ മെയിന്റനൻസും സർവീസും ഉറപ്പുവരുത്തുകയും സാധിക്കുമെങ്കിൽ ഒരു ലാബ് അസിസ്റ്റന്റിനെ സ്കൂളുകളിൽ നിയമിക്കുകയും വേണം. കൂടാതെ അഞ്ച് വർഷം വാറണ്ടിയുള്ള ഉപകരണങ്ങൾ നൽകാനുള്ള തീരുമാനമുണ്ടാകണം. ഈ ഉപകരണങ്ങളുടെ കുറവ് എത്രയുണ്ടെന്നത് സംബന്ധിച്ച് കൃത്യമായ ഒരു പരിശോധനയും കണക്കെടുപ്പും ആവശ്യമാണ്. ഇക്കാര്യത്തിൽ കാലത്തിനൊത്ത മാറ്റം ഉൾക്കൊണ്ടുകൊണ്ട് ഒരു പദ്ധതി നടപ്പാക്കാനും അതുവഴി സാധാരണക്കാരായ വിദ്യാർത്ഥികളെ സംരക്ഷിക്കാനും അവരുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാനുമുള്ള നടപടി മുൻവിദ്യാർത്ഥി നേതാവുകൂടിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, പൊതുവിദ്യാഭ്യാസ മേഖലയെ ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കാവശ്യമായ ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, പ്രൊജക്റ്ററുകൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഐ.ടി. അനുബന്ധ സംവിധാനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക ഫണ്ടിൽനിന്നും വാങ്ങി സ്കൂളുകൾക്കനുവദിക്കണമെന്നതാണ് ബഹുമാനപ്പെട്ട

*24-06-2026*
*Submission*

അംഗം ശ്രീ. സജീവ് ജോസഫ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. വളരെ പ്രസക്തവും ഗൗരവമുള്ളതുമായ വിഷയമാണിത്. ഐ.ടി. അനുബന്ധ സംവിധാനത്തിലൂടെ ഡിജിറ്റലൈസ് ചെയ്യപ്പെട്ടതാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖല. IT@school പദ്ധതിയിലൂടെ 2001-2002 അധ്യായനവർഷം മുതൽ ഐ.ടി. വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്. പിന്നീട് കേന്ദ്രാവിഷ്കൃത പദ്ധതിയായ ICT@school സ്കീം പ്രയോജനപ്പെടുത്തി 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമുള്ള പദ്ധതി ഉപയോഗപ്പെടുത്തിയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. പിന്നീട് കിഫ്ബി സഹായത്തോടെ 2017-2018 കാലയളവിൽ ഈ പ്രവൃത്തികൾ നടത്തിയതിന്റെ ഭാഗമായി 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്. സർക്കാർ എയ്ഡഡ് പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ 11257 ഹൈടെക് ലാബുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ തുടരുമ്പോൾതന്നെ സമാന്തരമായി സ്കൂളുകളിൽ നേരിട്ടും വിവിധ എം.പി., എം.എൽ.എ., തദ്ദേശ സ്വയംഭരണസ്ഥാപന പദ്ധതികൾ മുഖേനയും ഐ.ടി. ഉപകരണങ്ങൾ നൽകിവരുന്നുണ്ട്. ഉപകരണങ്ങൾ നൽകി നാലഞ്ച് വർഷം കഴിയുമ്പോൾ അത് ഉപയോഗശൂന്യമാകുന്നൊരു പ്രശ്നം നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ കണക്ക് പരിശോധിച്ചാൽ ഉപകരണങ്ങളിൽ തൊണ്ണൂറ് ശതമാനവും പ്രവർത്തനക്ഷമതയുള്ളവയും എട്ട് ശതമാനം തൽക്കാലം തകരാറുകൾ പരിഹരിച്ച് ഉപയോഗിക്കാവുന്നവയും രണ്ട് ശതമാനം ഉപകരണങ്ങൾ ഇ-വേസ്റ്റ് വിഭാഗത്തിൽപ്പെട്ടവയുമാണ്. 2025-ലെ സമഗ്ര ശിക്ഷ കേരളം (STARS) പദ്ധതിയിലൂടെ സർക്കാർ സ്കൂളുകളിൽ ഗണിത ലാബ് പദ്ധതി ആരംഭിക്കാൻ ആദ്യഘട്ടത്തിൽ 70 സ്കൂളുകൾക്കുവേണ്ടി 6,76,838 രൂപ വീതവും രണ്ടാം ഘട്ടത്തിൽ നൂറ് സ്കൂളുകൾക്ക് 2,90,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ ഗണിത ലാബുകളിൽ ലാപ്ടോപ്പുകൾ ഉൾപ്പെടെയുള്ള ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. പൊതുവിദ്യാലയങ്ങളിൽ ഏറ്റവും മികച്ച രീതിയിലാണ് എ.ഐ. റോബോട്ടിക്സ് സാങ്കേതികവിദ്യ ഉൾപ്പെടെ പ്രയോജനപ്പെടുത്തി ഐ.ടി. പഠനം നടന്നുവരുന്നത്. ഇത് കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടി എം.പി. ഫണ്ടും

എം.എൽ.എ. ഫണ്ടും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായവും സർക്കാർ പദ്ധതിയും ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതുപോലുള്ള പ്രവർത്തനങ്ങൾ ഇനിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ

ഡോ. മാത്യു കുഴൽനാടൻ: സർ, 2017-ലെ മെറ്റേണിറ്റി ബെനഫിറ്റ് (ഭേദഗതി) നിയമം കൊണ്ടുവന്നത് ഒരു വെൽഫെയർ ലെജിസ്ലേഷനാണ്. സാധാരണ മെറ്റേണിറ്റി ലീവ് പ്രസവിക്കുന്ന സ്ത്രീകൾക്കുള്ള ആനുകൂല്യമെന്ന നിലയിലാണെങ്കിലും അതിനെക്കാളുപരി ജനിക്കുന്ന കുട്ടിയുടെ അവകാശം കൂടിയായിട്ടാണ് ഇതിനെ ലേറ്റസ്റ്റായി കാണുന്നത്. അതുകൊണ്ട് കുട്ടിക്കും അമ്മയ്ക്കും ആറുമാസം ഒരുമിച്ച് കഴിയാനാണ് ഈ നിയമം ഉണ്ടാക്കിയത്. ഇ.എസ്.ഐ.-യുടെ പരിധിയിൽ വരുന്നതും വരാത്തതുമായ വ്യവസ്ഥകളിൽ വരുന്ന തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും ജനിക്കുന്ന കുട്ടികൾക്കും കൂടി ലഭിക്കേണ്ടൊരു അവകാശമാണിത്. നിർഭാഗ്യവശാൽ, സ്വകാര്യ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ സ്വകാര്യ സ്കൂളുകളിലോ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരും അധ്യാപകരും അടക്കമുള്ളവർക്ക് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ പലപ്പോഴും ലഭിക്കുന്നില്ല. അവർക്കും 26 ആഴ്ച (ആറ് മാസം) ഇത് ലഭിക്കാനുള്ള അവകാശമുണ്ട്. സ്ത്രീകൾക്ക് ഇത്തരം സ്ഥാപനങ്ങളിൽ തുടർന്നും ജോലി ചെയ്യേണ്ടതുള്ളതുകൊണ്ട് അവിടങ്ങളിലെ മാനേജ്മെന്റുകളോട് ഈ ആനുകൂല്യം ആവശ്യപ്പെടാൻ കഴിയുന്നില്ല. മാനേജ്മെന്റുകൾ ചിലപ്പോൾ മൂന്നുമാസം ആനുകൂല്യം അനുവദിക്കുകയാണെങ്കിൽ അതുകൊണ്ട് അവർക്ക് തൃപ്തിപ്പെടേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട്. ബഹുമാന്യയായ തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി ഒരു മന്ത്രി മാത്രമല്ല, ഒരു അമ്മയുംകൂടിയാണ്. സ്വാഭാവികമായും ഇക്കാര്യത്തിലുള്ള സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും അങ്ങേയ്ക്ക് നന്നായി മനസ്സിലാക്കാൻ സാധിക്കും. ഈയൊരു വെൽഫെയർ ലെജിസ്ലേഷൻ, സംസ്ഥാനത്തെ അർഹതപ്പെട്ട എല്ലാ സ്ത്രീകൾക്കും പ്രത്യേകിച്ച്, സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരും

അനധ്യാപകരുമായിട്ടുള്ള സ്ത്രീകൾക്കും 2017-ലെ മെറ്റേണിറ്റി ബെനഫിറ്റ് (ഭേദഗതി) നിയമപ്രകാരമുള്ള ഈ ആറ് മാസത്തെ മെറ്റേണിറ്റി ലീവ് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തുനടപടികളാണ് സ്വീകരിക്കാൻ സാധിക്കുകയെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി ബിന്ദു കൃഷ്ണ</u>): സർ, മാതൃത്വം എന്നത് ഒരു സ്ത്രീ അമ്മയാകുന്ന അവസ്ഥയും ഒരു പദവിയുമാണ്. ഇത് ശാരീരികമായൊരു മാറ്റം എന്നതിനപ്പുറം സ്നേഹം, കരുതൽ, ത്യാഗം, പോഷണം എന്നിവയാൽ സമ്പന്നമായ വിശുദ്ധമായ ഒരു ബന്ധം തന്നെയാണ്. മാതൃത്വമെന്നത് ഒരു സ്ത്രീയുടെ നിയമപരവും ഭരണഘടനാപരവുമായ അവകാശമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നവജാത ശിശുവിന്റെ അവകാശം കൂടിയാണത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2017-ലെ മാതൃത്വ ആനുകൂല്യ(ഭേദഗതി) നിയമപ്രകാരം സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് വേതനത്തോടുകൂടിയ പ്രസവാവധി പന്ത്രണ്ട് ആഴ്ചയിൽനിന്നും ഇരുപത്തി ആറ് ആഴ്ചയാക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ പത്തോ അതിൽ കൂടുതലോ ജീവനക്കാരുള്ളതോ അല്ലാത്തപക്ഷം കഴിഞ്ഞ പന്ത്രണ്ട് മാസത്തിനിടയിൽ ഏതെങ്കിലും ഒരു ദിവസം പത്തോ അതിൽ കൂടുതലോ ജീവനക്കാർ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ നിയമം ബാധകമാണ്. ഒരു സ്ത്രീ ജീവനക്കാരി കുറഞ്ഞത് ഒരു സ്ഥാപനത്തിൽ 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സ്ത്രീ ജീവനക്കാർക്ക് മേൽപ്പറഞ്ഞ നിയമപ്രകാരമുള്ള ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്. ഇ.എസ്.ഐ. ആക്റ്റ് ബാധകമായ സ്ഥാപനങ്ങളിലെ ജീവനക്കാർ 2017-ലെ മെറ്റേണിറ്റി ബെനഫിറ്റ് (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഇ.എസ്.ഐ. ആക്റ്റ് നടപ്പാക്കാനുള്ള ചുമതല എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനാണ്. മെറ്റേണിറ്റി ബെനഫിറ്റ് (ഭേദഗതി) നിയമം പ്രകാരമുള്ള ഇൻസ്പെക്ടർമാരായി വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഗ്രേഡ്- 2 ഓഫീസർമാരെയും അപ്പീൽ അധികാരികളായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെയും നിയമിച്ചിട്ടുണ്ട്. മെറ്റേണിറ്റി

ബെനഫിറ്റ് (ഭേദഗതി) നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ കേസിലും നടപടിയെടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ തലമുറകളുടെ നിലനിൽപ്പിനാധാരമായ മാതൃത്വത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്ന ഒരു സമീപനവും സർക്കാർ അംഗീകരിക്കുകയില്ല. ഏറ്റവും ഉദാത്തമായ ഈ വിഷയം സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗത്തിന് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

## എയർപോർട്ട് ലിങ്ക് റോഡ് നിർമ്മാണം

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ദേശീയ പാത 66-ന്റെ അശാസ്ത്രീയമായ നിർമ്മാണത്തെത്തുടർന്ന് ഒരു പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർഥിക്കാനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. പരിയാരം പഞ്ചായത്തിലെ കുപ്പം, കപ്പളതട്ട്, സി.എച്ച്.നഗർ, തളിപ്പറമ്പ് വില്ലേജിൽ പരിധിയിലുള്ള കണിക്കുന്ന് എന്നീ പ്രദേശങ്ങളിലെ 44 കുടുംബങ്ങൾക്ക് അവിടെ ജീവിക്കാൻ സാധിക്കാത്തൊരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. ഈ പ്രദേശങ്ങളിലെ മുകൾ ഭാഗത്തുകൂടിയാണ് ദേശീയ പാത 66 കടന്നുപോകുന്നത്. വലിയ കുന്നിടിച്ചിലുകളിൽ മണ്ണും ചെളിയും ഒഴുകി നാൽപ്പതോളം വീടുകളുടെ മുറ്റത്തേയ്ക്കും വരാന്തയിലേയ്ക്കും എത്തുകയാണ്. ഈ വീടുകളുടെ നടുവിൽക്കൂടി കടന്നുപോകുന്ന റോഡിൽ ചെളിയും കല്ലും നിറഞ്ഞ് കാൽനടയാത്രയ്ക്കുപോലും സാധിക്കാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ ആഴ്ചയുണ്ടായ മഴയിൽ ഒരു തരം പശമണ്ണ് അവിടേയ്ക്ക് ഒഴുകിയെത്തുകയും അതിൽ തെന്നി രണ്ടുമൂന്ന് ടൂവീലറുകൾ അപകടത്തിൽപ്പെടുകയുമുണ്ടായി. എം.എൽ.എ. എന്ന നിലയിൽ ഞാനും കളക്ടറും ആ പ്രദേശം സന്ദർശിക്കുകയുണ്ടായി. അവിടത്തെ കിണറുകളിൽ നിന്നും ലഭിക്കുന്നത് ഒരുതരം ദുർഗന്ധമുള്ള കുടിക്കാൻ സാധിക്കാത്ത തരത്തിലുള്ള മലിനജലമാണ്. ദേശീയ പാത 66-മായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കണ്ണൂർ-കാസർഗോഡ് റീച്ചുകളുടെ കരാറുകാരായ മേഘ എഞ്ചിനീയറിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, എഞ്ചിനീയർമാർ, പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവരുടെ ഒരു യോഗം ജില്ലാ

*24-06-2026*
*Submission*

കളക്ടർ വിളിച്ചുചേർക്കുകയും പഞ്ചായത്തിനോട് കുടിവെള്ളം വിതരണം ചെയ്യണമെന്ന് ആവശ്യപ്പെടുകയും അതിനാവശ്യമായ പണം നൽകാമെന്ന് പറയുകയും ചെയ്തു. ടി കുടിവെള്ള വിതരണം പിന്നീട് മേഘ കൺസ്ട്രക്ഷൻ കമ്പനി നിർത്തുകയാണ് ചെയ്തത്. വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോകാൻ സാധിക്കാത്തൊരു സാഹചര്യവും അവിടെ നിലനിൽക്കുന്നുണ്ട്. വീടുകളുടെ വരാന്തയിൽവരെ ചെളിയും മണ്ണും ഒഴുകിയെത്തുന്ന അവസ്ഥയാണുള്ളത്. ശ്രീമതി മറിയം എന്ന സ്ത്രീയുടെ വീട് പൊളിച്ചുമാറ്റി വേറെ വീട്ടിൽ താമസമാകേണ്ട സാഹചര്യമുണ്ടായി. ഇത്തരത്തിലുള്ള വലിയ ദുരന്തങ്ങളാണ് ആ പ്രദേശങ്ങളിൽ താമസിക്കുന്നവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരമായ ഇടപെടലില്ലെങ്കിൽ ആ കുടുംബങ്ങൾക്ക് അവിടെ താമസിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. നാടിന്റെ വികസനം തടയാൻ പാടില്ലെന്ന ബോധം ഉള്ളതുകൊണ്ടാണ് ദേശീയപാത 66 പണി തടയാതിരുന്നതെന്നാണ് സ്ത്രീകൾ ഉൾപ്പെടെയുള്ള നാട്ടുകാർ പറയുന്നത്. താമസിക്കാൻ പറ്റാത്ത വീടുകൾക്ക് നഷ്ടപരിഹാരം നൽകി അവരെ മാറ്റി പാർപ്പിക്കുകയോ അല്ലെങ്കിൽ ഈ വീടുകളിലേയ്ക്ക് ദുർഗന്ധമുള്ള ചെളിവെള്ളവും മണ്ണും ഒഴുകിയെത്തുന്നത് തടയുന്നതിനുള്ള സ്ഥിരമായ നടപടി സ്വീകരിക്കുകയോ വേണം. അവിടെ താൽക്കാലിക നടപടികൊണ്ട് പരിഹാരമുണ്ടാക്കാൻ സാധിക്കില്ല. ഓട്ടകൊണ്ട് ഇരുട്ടടയ്ക്കാൻ സാധിക്കില്ല. അതിനാൽ നാഷണൽ ഹൈവേ അതോറിറ്റി അധികൃതരും പി.ഡബ്ല്യു.ഡി.-യും ചേർന്ന് അതിന് അടിയന്തര പരിഹാരം കാണണം. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ അവിടെ വരുന്നില്ല. നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരാണ് അവിടെയുള്ളത്. കോൺട്രാക്ടർമാരുടെ എഞ്ചിനീയർമാരുമായാണ് അവർ കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് നാട്ടുകാർ ഒന്നുംതന്നെ അറിയുന്നില്ല. പ്രതിസന്ധിയുണ്ടാകുന്ന ഘട്ടത്തിൽ പലകാര്യങ്ങൾക്കും ഉദ്യോഗസ്ഥർ ഉറപ്പുനൽകുന്നതല്ലാതെ ആ ഉറപ്പ് പാലിക്കപ്പെടുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. നല്ല രീതിയിലാണ് കളക്ടർ ഇടപെട്ടിട്ടുള്ളത്. മേഘ കൺസ്ട്രക്ഷൻ കമ്പനി വലിയൊരു കമ്പനിയായതിനാൽ ഇടപെടലുകളൊന്നും പരിഗണിക്കുന്നില്ല. അതിനാൽ ഗവൺമെന്റ് തലത്തിൽ ഒരു ഇടപെടൽ വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തളിപ്പറമ്പ് ഉൾപ്പെടെയുള്ള പ്രദേശങ്ങളെക്കുറിച്ചും അവിടത്തെ ഓരോ കുടുംബത്തെപ്പോലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ പ്രദേശം സന്ദർശിക്കുകയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഇതിനൊരു ശാശ്വതമായ പരിഹാരമുണ്ടാക്കുകയുമാണ് വേണ്ടത്. താൽക്കാലിക പരിഹാരംകൊണ്ട് പ്രയോജനമുണ്ടാകില്ല. കുപ്പം പ്രദേശത്ത് മാത്രമല്ല, കീഴാറ്റൂർ വയൽക്കിളി സമരത്തെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്, കീഴാറ്റൂർ പ്രദേശത്തും ഇത്തരം സംഭവങ്ങളുണ്ടാകുന്നുണ്ട്. അതിനാൽ നാഷണൽ ഹൈവേയുടെ പ്രവർത്തനത്തിന്റെ ഫലമായി വർഷക്കാലത്തുണ്ടാകുന്ന ഇത്തരം പ്രയാസങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടുകൊണ്ടുമാത്രമേ തുടർപ്രവൃത്തി നടത്താവൂയെന്നും അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈ എടുക്കണമെന്ന അഭ്യർത്ഥനയുമാണ് എനിക്കുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ദേശീയപാത 66-ന്റെ കുപ്പം പ്രദേശത്താണ് ഈ ഡ്രെയിനേജ്. കനത്ത മഴയിൽ ഒലിച്ചുവരുന്ന വെള്ളം ഉൾക്കൊള്ളാൻ സാധിക്കാത്ത സാഹചര്യത്തിൽ ദേശീയപാതയ്ക്കുപുറത്ത് പഞ്ചായത്ത് വകുപ്പിന്റെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ ഓവുചാൽ ക്രമീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും ജില്ലാ ഭരണകൂടവും ദേശീയപാത അതോറിറ്റിയും സംയുക്ത സഹകരണത്തോടെ ഒരു സമഗ്ര ഡ്രെയിനേജ് സംവിധാനം രൂപകല്പന ചെയ്യുന്നത് സർക്കാർ പരിഗണിച്ചുവരികയാണ്. NHAI-യുമായി ബന്ധപ്പെട്ട ഓവുചാലുകൾ നിരന്തരം വൃത്തിയാക്കുന്നതിനും പരിപാലിക്കുന്നതിനുമായി തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിച്ചിട്ടുണ്ട്. ടി പ്രവൃത്തി, 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക മൺസൂൺ റെസ്പോൺസ് ടീം നിരീക്ഷിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ദേശീയപാത 66-ൽ **കാളിക്കുന്ന്** പ്രദേശത്ത് വെഹിക്കുലർ അണ്ടർപാസ് നിർമ്മാണം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിർമ്മാണവേളയിൽ തൊട്ടടുത്തുള്ള വസ്തുക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മണ്ണിടിച്ച ഭാഗങ്ങളിൽ ആവശ്യമായ എല്ലാ സുരക്ഷാ നടപടികളും

നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. ഇത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലായിരുന്നു. ഈ പദ്ധതി NHAI-യെ ഏൽപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ NHAI-യെയും ജില്ലാ ഭരണകൂടത്തെയും ബന്ധപ്പെട്ട എം.എൽ.എ.-യെയും ഉൾപ്പെടുത്തി ഒരു മീറ്റിങ് വിളിച്ച് അതിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുന്നതാണ്.

പുതിയങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണം

ശ്രീ. എം. വിജിൻ: സർ, വളരെ പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രമാണ് മാടായി പഞ്ചായത്തിലെ പുതിയങ്ങാടി. പുതിയങ്ങാടിയിൽ ഒരു ഫിഷിങ് ഹാർബർ വേണമെന്നത് മത്സ്യത്തൊഴിലാളികളുടെയും നാട്ടുകാരുടെയും വലിയൊരു ആവശ്യമാണ്. മത്സ്യത്തൊഴിലാളികളുടെ ഏറ്റവും വലിയ ആഗ്രഹമായ ഫിഷ് ലാൻഡിങ് സെന്ററും പുലിമുട്ടും 28 കോടി രൂപയും 5 കോടി രൂപയും പിണറായി സർക്കാർ പാസ്സാക്കുകയും അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയുമാണ്. അക്കാര്യം മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമായി മാറിയിട്ടുണ്ട്.

ഹാർബർ എന്നത് അവരുടെ വലിയൊരു ആവശ്യമാണ്. ഹാർബർ ഇല്ലാത്തതുകാരണം മത്സ്യബന്ധന യാനങ്ങളിൽനിന്നും മത്സ്യം സമയബന്ധിതമായി കരയിലേക്ക് എത്തിക്കുന്നതിന് ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വലിയ റിസ്കാണുണ്ടാകുന്നത്. അതോടൊപ്പം വലിയ കഷ്ടപ്പാടും അവർ അനുഭവിക്കുകയാണ്. വലിയ മത്സ്യബന്ധന യാനങ്ങളിൽനിന്നും ചെറിയ ഫൈബർ ബോട്ടിലേക്ക് മാറ്റുന്ന മത്സ്യം വളരെ പ്രയാസപ്പെട്ടാണ് കരയിലേക്ക് എത്തിക്കുന്നത്. പുതിയങ്ങാടി കടപ്പുറത്തുനിന്ന് സംസ്ഥാനത്തിനകത്തും പുറത്തുമായി വിവിധ ഭാഗങ്ങളിലേക്ക് മത്സ്യം കയറ്റി അയയ്ക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളും അതിഥി തൊഴിലാളികളുമുൾപ്പെടെ മൂവായിരത്തിലേറെ തൊഴിലാളികൾ ഇവിടെ ഉപജീവനം നടത്തിവരികയാണ്. മത്സ്യബന്ധന സീസൺ ആരംഭിച്ചുകഴിഞ്ഞാൽ ദിനംപ്രതി വലിയ പ്രശ്നങ്ങളും പ്രതിസന്ധികളുമാണ് ഹാർബർ ഇല്ലാത്തതിന്റെ ഭാഗമായി ഈ ഭാഗത്തുണ്ടാകുന്നത്. കൂടാതെ, ഹാർബറിന്റെ അഭാവംകാരണം മത്സ്യബന്ധന യാനങ്ങളെ സംരക്ഷിക്കാൻ കഴിയാത്തതിനാൽ കടലാക്രമണങ്ങളിൽ ഈ

യാനങ്ങൾ നശിച്ചുപോകുന്നതും പതിവായിട്ടുണ്ട്. ഇത്തരം ഘട്ടത്തിൽ ഹാർബർ നിർമ്മിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് ഈ മേഖലയിലെ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് തൊഴിൽദിനങ്ങൾ ഗണ്യമായി വർധിപ്പിക്കുന്നതിനും അധിക മത്സ്യസമ്പത്ത് ലഭ്യമാക്കുന്നതിനും സാധിക്കും. അതുകൊണ്ടുതന്നെ മാടായി പഞ്ചായത്തിലെ പുതിയങ്ങാടി മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുടുംബജീവിതം ഉയർത്താൻ ഇത് വഴിയൊരുക്കും. അതുകൂടി കണക്കിലെടുത്ത് പുതിയങ്ങാടിയിൽ ഒരു ഫിഷിങ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>): സർ, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 26-10-2013-ലെ 896/2013 നമ്പർ ഉത്തരവുപ്രകാരം അറുപത്തിയഞ്ച് ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയുമുണ്ടായി. 17-03-2014-ന് കേന്ദ്രസർക്കാർ ഏജൻസിയായ പൂനെയിലെ CWPRS (Central Water and Power Research Station)-നെ തുറമുഖത്തിന്റെ പുലിമുട്ട് അലൈൻമെന്റിനുള്ള മാതൃകാപഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും 2017 മേയ് മാസം കരട് മാതൃകാപഠന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. മാതൃകാപഠന റിപ്പോർട്ടിൽ നദീമുഖത്തിന് തെക്കുഭാഗത്തായി 990 മീറ്റർ-400 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറുകൾ നിർദേശിച്ചിരുന്നു. 2019-ൽ CWPRS തയ്യാറാക്കിയ 'Mathematical Model Studies for hydrodynamics and siltation in the Mini Fishing Harbour at Puthiyangadi' എന്ന അന്തിമ റിപ്പോർട്ടിൽ തുറമുഖത്തിന്റെ ബ്രേക്ക് വാട്ടറുകളുടെ നിർമ്മാണത്തോടൊപ്പം നദീമുഖത്തിന്റെ ഇരുകരകളിലും 365 മീറ്റർ - 210 മീറ്റർ നീളമുള്ള റിവർ ട്രെയിനിങ് പ്രവൃത്തികൾ ശിപാർശ ചെയ്തിട്ടുണ്ട്. പൂനെയിലെ CWPRS നടത്തിയ മോഡൽ പഠനങ്ങളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ റിവർ ട്രെയിനിങ് പ്രവൃത്തികൾക്കായി റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 26-02-2021-ലെ ജി.ഒ. നം.

122/2021 നമ്പർ ഉത്തരവുപ്രകാരം 28.6 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികൾ ഏകദേശം 62 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04-01-2022-ലെ പി.എം.എം.എസ്.വൈ. പദ്ധതി സംബന്ധിച്ച അവലോകന യോഗത്തിൽ തീരദേശത്തെ പുതിയ നിർമ്മാണ പ്രവൃത്തികൾ തീരശോഷണത്തിനും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പുതിയ ഹാർബർ നിർമ്മാണ പ്രവൃത്തികൾക്കുപകരം നിലവിലെ ഹാർബറുകളുടെ ആധുനികവൽക്കരണത്തിന് മുൻതൂക്കം നൽകാൻ തീരുമാനിച്ചിരുന്നു. ആയതിനാൽ പുതിയങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും മത്സ്യത്തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യമെന്ന നിലയിൽ പുതിയങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണം തീരദേശത്തെ പ്രകൃതിയെ ബാധിക്കാത്ത തരത്തിൽ വിശദമായ സാധ്യതാപഠനം നടത്തി സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.